# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3319 19.06.2019 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലകളിലെ പരീക്ഷാ മൂല്യനിർണ്ണയം യഥാസമയം നടത്താത്തത്

*ചോദ്യം*

ശ്രീ. വി. ജോയി

*ഉത്തരം*

**ഡോ. കെ. ടി. ജലീൽ**

(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഏതെങ്കിലും സർവ്വകലാശാലകളിൽ അദ്ധ്യാപകർ യഥാസമയം പരീക്ഷാ പേപ്പറുകൾ മൂല്യനിർണ്ണയം നടത്തി തിരിച്ചേല്പിക്കാത്തതിനാൽ റിസൾട്ട് പ്രഖ്യാപിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നത് അറിയിക്കാമോ; | (എ) | ഉണ്ട് |
| (ബി) | സർവ്വകലാശാലകൾ നടത്തുന്ന പരീക്ഷകളുടെ ഫലം യഥാസമയം പുറപ്പെടുവിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാ ശാലകളിലെ പ്രോ വൈസ് ചാൻസിലർ മാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെയും ഇടപെടലുകളുടെയും ഫലമായി സർവ്വകലാശാലകൾ യഥാസമയം പരീക്ഷാഫല പ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.